## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **3460**

**18.02.2013**-ലെ മറുപടിക്ക്

## ത്രിതല പഞ്ചായത്തുകൾ

**ചോദ്യം**

ശ്രീ.ആർ.രാജേഷ്

2012-13 ലെ പദ്ധതി വിഹിതത്തിൽ ജനുവരി 31 വരെ ത്രിതല പഞ്ചായത്തുകൾ എത്ര ശതമാനം തുക ചെലവഴിച്ചു ; മുൻവർഷത്തെ അപേക്ഷിച്ച് കുറവ് സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ, കാരണം വിശദമാക്കാമോ; ഈ കാലയളവിൽ എസ്.സി.ഫണ്ട് തുക എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്; മുൻവർഷത്തെ അപേക്ഷിച്ച് കുറവ് സംഭവിച്ചിട്ടുണ്ടോ ; കാരണം വിശദമാക്കാമോ ?

**ഉത്തരം**

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)

2012-13 പദ്ധതി വിഹിതത്തിൽ നിന്നും ത്രിതല പഞ്ചായത്തുകൾ 31.01.2013 വരെയുള്ള താത്ക്കാലിക കണക്കനുസരിച്ച് 26% തുക ചെലവഴിച്ചിട്ടുണ്ട്. ഈ കാലയളവിൽ ആകെ ചെലവിന്റെ 25% തുക എസ്.സി.ഫണ്ട് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിനിയോഗം മാർച്ച് മാസത്തോടെ മാത്രമേ പൂർത്തിയാവുകയുള്ളൂ. ആയതിനാൽ മുൻവർഷങ്ങളുമായി കുറവിനെ സംബന്ധിച്ച അവലോകനം ഇപ്പോൾ നടത്താൻ കഴിയില്ല.

സെക്ഷൻ ഓഫീസർ